**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനേഴാമത് റിപ്പോർട്ട്

(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സമിതി (2010-11)-യുടെ നാൽപ്പതാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനേഴാമത് റിപ്പോർട്ട്

(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സമിതി (2010-11)-യുടെ നാൽപ്പതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

207/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 37 |
| അനുബന്ധം II : | | |
| കത്തിന്റെ പകർപ്പ് (ഖണ്ഡിക 2.5.2) | .. | 41 |
| അനുബന്ധം III : | | |
| കത്തുകളുടെയും വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും പകർപ്പ് (ഖണ്ഡിക നമ്പർ 2.10.6) | .. | 43 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

---

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ 17-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2010-11) യുടെ 40-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 ജനുവരി മാസം 30-ാം തീയതി ചേർന്ന സമിതി യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2018, ഫെബ്രുവരി 1.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## റിപ്പോർട്ട്

### അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) തയ്യാറാക്കിയ 40-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) തയ്യാറാക്കിയ 40-ാമത് റിപ്പോർട്ട് 2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 35 ശിപാർശകളാണ് ഉള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 25-9-2013, 23-12-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും 22-9-2015-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു. സമിതി തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ട ഖണ്ഡിക 93-ലെ അധികവിവരത്തിനുള്ള മറുപടി സമിതിയുടെ 30-8-2017-ലെ സമിതിയോഗം പരിഗണിക്കുകയും തുടർ നിർദ്ദേശം നൽകുകയുമുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 9, 19, 29, 32, 41, 49, 60, 66, 82, 97, 102, 106, 141, 145, 154 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു. ആയത് സംബന്ധിച്ച് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. മറുപടികൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള ബന്ധപ്പെട്ട വകുപ്പിന്റെ അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധിക വിവരങ്ങൾ, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം-II ൽ ചേർത്തിരിക്കുന്നു.

1.5 സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ശിപാർശകളും, സർക്കാർ/ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയും അദ്ധ്യായം-III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം II

**സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും- മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും, തുടർശിപാർശകളും**

## ഖണ്ഡിക നമ്പർ 9

## ശിപാർശ

2.1 ക്വട്ടേഷനുകളിൽ നൽകിയിരുന്ന റേറ്റുകളിൽ ഉള്ള വ്യത്യാസം ചൂണ്ടിക്കാണിക്കേണ്ടിയിരുന്നതും, പഞ്ചായത്ത് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നതും പഞ്ചായത്ത് സമിതി തെറ്റായ തീരുമാനം കൈക്കൊണ്ടപ്പോൾ അതിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടിയിരുന്നതും, പഞ്ചായത്തുസെക്രട്ടറിയുടെ ഉത്തരവാദിത്വമായിരുന്നതിനാൽ കുഴൽ കിണർ നിർമ്മാണത്തിന് അധിക തുക നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് പൂർണ്ണ ഉത്തരവാദി സെക്രട്ടറിയാണെന്നും നഷ്ടം ഉണ്ടായിട്ടില്ലെന്ന് തെളിയിക്കുന്നതരത്തിൽ രേഖകൾ ഒന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കിയ കാലഘട്ടത്തിലെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. സി. ശങ്കരനിൽ നിന്നും നഷ്ടത്തുകയായ 80,571 രൂപ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് പ്രസിഡന്റിന്റെമേൽ ചുമത്തിയിരിക്കുന്ന നഷ്ടോത്തരവാദിത്വത്തിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 കുഴൽ കിണർ നിർമ്മിച്ചതിൽ അധികം നൽകിയ 80,571 രൂപ പഞ്ചായത്തിൽ അടച്ച് തീർക്കാനും അല്ലാത്തപക്ഷം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് 3-11-2011-ന് എ 1-221/07 നമ്പർ കത്ത് പ്രകാരം ശ്രീ. വി. സി. ശങ്കരനെ അറിയിച്ചു (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ഈ നടപടിക്കെതിരെ ശ്രീ. വി. സി. ശങ്കരൻ WP (c)34678/11 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണെന്ന് പഞ്ചായത്ത് ബോധിപ്പിച്ചിരിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.1.3 പ്രസ്തുത കേസ് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് 21-2-2012-ന് പഞ്ചായത്ത് statement of facts സമർപ്പിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.1.4 പ്രസ്തുത ഖണ്ഡികയിന്മേൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിയനുസരിച്ച് തുടർനടപടി കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുക.

**തുടർ ശിപാർശ**

2.1.5 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 19**

**ശിപാർശ**

2.2.1 തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 7,560 രൂപയും പലിശയും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ അന്നത്തെ സെക്രട്ടറിയായ ശ്രീമതി കെ. മാലിനിയുടെ ബാധ്യതയായി നിശ്ചയിച്ച് പ്രസ്തുത തുക ഈടാക്കി സമിതിയെ അടിയന്തരമായി വിവരം അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 7,560 രൂപയും പലിശയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനായി 23-6-2011-ലെ എ 1/2911/11 നമ്പരായി അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീമതി കെ. മാലിനി,W/o പുരുഷോത്തമൻ, പല്ലീരിവീട്, കുറ്റനാട്. പി.ഒ., പാലക്കാട് ജില്ല എന്നവരെ അറിയിച്ചിരുന്നു. നാളിതുവരെ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി തീർത്തിട്ടില്ല. ശ്രീമതി കെ. മാലിനിയുടെ പക്കൽ നിന്നും തുക റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് (27-3-2013-ന് RR/2013/4259/9 നമ്പർ പ്രകാരം റവന്യൂ റിക്കവറി ഓൺലൈൻ ആയി അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു).

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്**

2.2.3 ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ 12-2-2014-ന് ഓഡിറ്റ് പരിശോധിക്കുകയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി പറയുന്ന നടപടികൾ ബോദ്ധ്യപ്പെടുകയും ചെയ്തു.

റവന്യൂ റിക്കവറിക്കുള്ള 27-7-2013-ലെ RR/4259/9 നമ്പർ അപേക്ഷ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഈടാക്കിയതായുള്ള അറിയിപ്പ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

**സമിതി ആരാഞ്ഞ അധികവിവരം**

2.2.4 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### തുടർ ശിപാർശ

2.2.5 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 29

### ശിപാർശ

2.3.1 ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി കെ. മാലിനിക്കെതിരെയുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി അധിക നിരക്കിൽ ചെലവഴിച്ച തുകയായ 30,903 രൂപ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കണമെന്നും പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.2 30,903 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീമതി കെ. മാലിനി ബഹു. കേരള ഹൈക്കോടതിയിൽ WP (C) 32844/2008 (I) നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിരിക്കുകയുമാണ്. സ്റ്റേ നീക്കി കിട്ടുന്നതിന് അഡ്വക്കേറ്റ് ശ്രീ. ഷാജു പുരുഷോത്തമൻ മുഖേന 2009 ജൂലൈ ഒന്നിന് പഞ്ചായത്ത് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തു. കേസ് ഇപ്പോൾ T.A.No.4967/12 തീയതി 13-9-2012 ആയി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറിയിരിക്കുകയാണ്. ട്രിബ്യൂണലിൽ പഞ്ചായത്തിന് വേണ്ടി ഹാജരാകുവാൻ അഡ്വ. ഷാജു പുരുഷോത്തമനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തതിന്റെ പകർപ്പ് ഇത് സഹിതം സമർപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.3.3 ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ 12-2-2014-ന് ഓഡിറ്റ് പരിശോധിക്കുകയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി പറയുന്ന നടപടികൾ ബോദ്ധ്യപ്പെടുകയും ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നാളിതുവരെ കേസ് പരിഗണിച്ചിട്ടില്ല എന്നും അഭിഭാഷകനുമായി ബന്ധപ്പെട്ട് കേസിന്റെ പുരോഗതി നിരീക്ഷിച്ച വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

2.3.4 പ്രസ്തുത കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീർപ്പാക്കുന്ന മുറയ്ക്ക് അതിനനുസൃതമായ നടപടികൾ സ്വീകരിക്കുക.

## തുടർ ശിപാർശ

2.3.5 പ്രസ്തുത കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീർപ്പാക്കുന്ന മുറയ്ക്ക് അതിനനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 32

## ശിപാർശ

2.4.1 കരാറുകാരൻ ശ്രീ. കെ. ഉസ്മാൻ കക്കാട്ടിലിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി അഡ്വാൻസ് നൽകിയ 50,000 രൂപ പലിശ സഹിതം ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.4.2 1998 ഒക്ടോബർ മാസത്തിൽ അൺടയ്ഡ് നോംസ് അനുസരിച്ചുള്ള പള്ളിപ്പുറം-കരിയന്നൂർ റോഡ് ടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ മെറ്റൽ സപ്ലൈ ചെയ്തതിന്റെ വിലയാണ് ശ്രീ. കെ. ഉസ്മാന് നൽകിയിട്ടുള്ളതെന്നും, ശ്രീ. കെ. ഉസ്മാൻ പ്രവൃത്തിയുടെ കരാറുകാരനല്ലെന്നും ടിയാൻ സപ്ലൈ ചെയ്ത മെറ്റൽ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതും എൻജിനീയർ പ്രവൃത്തിയുടെ അളവ് എടുത്തിട്ടുള്ളതും ഈ പ്രവൃത്തികൊണ്ട് പഞ്ചായത്തിനോ പൊതുജനങ്ങൾക്കോ യാതൊരുവിധ സാമ്പത്തിക നഷ്ടവും വന്നിട്ടില്ലെന്നും സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ ഇല്ലെന്ന ഒറ്റക്കാരണത്താലാണ് തുക 50,000/- രൂപ ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുവാൻ ബഹു. കേരള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിക്കാൻ 16-7-2013 തീയതിയിലെ 01 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരിക്കുകയാണ്. പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പും ശ്രീ. കെ. ഉസ്മാൻ സമർപ്പിച്ച കത്തിന്റെ പകർപ്പും ഇതോന്നിച്ച് പ്രത്യേകം അടക്കം ചെയ്യുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.4.3 16-7-2013-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം (1) പ്രകാരം പള്ളിപ്പുറം-കരിയന്നൂർ റോഡ് പ്രവൃത്തിക്കാവശ്യമായ മെറ്റൽ സപ്ലൈ ചെയ്തതിന്റെ വിലയായിട്ടാണ് 50,000/- രൂപ അനുവദിച്ചതെന്നും മെറ്റൽ ഉപയോഗിച്ച് റോഡ് പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും എഞ്ചിനീയർ അളവെടുത്തിട്ടുണ്ടെന്നും ഭരണ സമിതിയ്ക്ക് ബോദ്ധ്യം വന്നിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നതിനാൽ തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരുവാൻ ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഭരണ

സമിതിയുടെ തീരുമാനത്തെ സാധൂകരിക്കുന്ന അളവുപുസ്തകം, അവസാന ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് ഇടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

**സമിതി ആരാഞ്ഞ അധികവിവരം**

2.4.4 പള്ളിപ്പുറം-കരിയന്നൂർ റോഡ് ടാറിംഗ് സംബന്ധിച്ച അളവുപുസ്തകം, അവസാന ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് ഇടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കുക

**ഇടക്കാല ശിപാർശ**

2.4.5 പള്ളിപ്പുറം-കരിയന്നൂർ റോഡ് ടാറിംഗ് സംബന്ധിച്ച അളവുപുസ്തകം, അവസാന ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് ഇടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 41**

**ശിപാർശ**

2.5.1 1998-99-ൽ ടെണ്ടർ ചെയ്ത 5 കുടിവെള്ള പദ്ധതികളെ സംബന്ധിച്ചുള്ള 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാകയാൽ അടിയന്തരമായി ഈ പദ്ധതികളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാക്കണമെന്നും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.5.2 1997-2002 കാലഘട്ടത്തിലെ ജനകീയാസൂത്രണപദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ കാരപ്പാറ, നൂറടി എന്നീ കുടിവെള്ള പദ്ധതികളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കെ.ജി. രാമകൃഷ്ണൻ, കരാറുകാരനായ കെ. ജി. രാജേഷ് എന്നിവരെ പ്രതികളാക്കി വിജിലൻസ് കേസ് നമ്പർ 5/2010 പ്രകാരം 2,34,225/- രൂപയും വിജിലൻസ് കേസ് നമ്പർ 6/2010 പ്രകാരം 3,19,302/- രൂപയും റിക്കവറി ചെയ്യാനുണ്ട്. 15-7-2013-ലെ 1106/2013/പി.കെ.ഡി. നമ്പർ കത്ത് പ്രകാരം പാലക്കാട് ഡെപ്യൂട്ടി സൂപ്രണ്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണെന്ന് അറിയിച്ചിട്ടുണ്ട്. കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.5.3 11-7-2014-ന് എ 1-410/2013 നമ്പർ ഫയൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. വിജിലൻസ് ഫയൽ ചെയ്ത കേസ് നമ്പർ 5/2010, 6/2010 എന്നിവയുടെ അടുത്ത സിറ്റിംഗ് 24-10-2014-ന് നിശ്ചയിച്ചിട്ടുള്ളതായി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് അറിയിച്ചിട്ടുണ്ട്. നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട് തുകയൊന്നും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

### സമിതി ആരാഞ്ഞ അധികവിവരം

2.5.4 വിജിലൻസ് കേസ് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

### തുടർ ശിപാർശ

2.5.5 വിജിലൻസ് കേസ് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 49

### ശിപാർശ

2.6.1 ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് അവധിയിലാണെങ്കിലും സർവ്വീസിൽ നിന്നും രാജിവച്ചിട്ടില്ലാത്തതിനാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാവുന്നതാണെന്നും കോഴി വിതരണവുമായി ബന്ധപ്പെട്ട രേഖകൾ ശ്രീ. കെ. പി. ജോർജ്ജിനു ശേഷം അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജോലി ചെയ്ത വെറ്ററിനറി സർജന് കൈമാറിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അന്വേഷണം നടത്താവുന്നതാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. രേഖകൾ ലഭ്യമല്ലെങ്കിൽ ശ്രീ. കെ. പി. ജോർജ്ജിന്റെ ബാധ്യത തുക തിട്ടപ്പെടുത്തി ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.2 ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് അവധിയിലാണ്. അദ്ദേഹം രാജിവെച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III.9.2.2 പ്രകാരമുള്ള പരാമർശം നിയമസഭാ സമിതിയുടെ ഖണ്ഡിക 49 പ്രകാരം കോഴി വിതരണത്തിലുള്ള ക്രമക്കേടുകൾ

സംബന്ധിച്ച് ഉണ്ടായിട്ടുള്ള ബാദ്ധ്യത തിട്ടപ്പെടുത്തി പ്രസ്തുത തുക ടിയാളിൽ നിന്നും ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ഈ ഓഫീസിൽ നിന്നും 24-9-2011-ൽ എ 2-1144/11(1) നമ്പർ കത്തിലൂടെ ബഹു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. എന്നാൽ ടിയാൾ ഇപ്പോൾ വിദേശത്ത് ജോലി നോക്കി വരികയാണെന്നും ഈ സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കാൻ നിർവ്വാഹമില്ലെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകിയിരുന്നു. അതോടൊപ്പം ടിയാളുടെ വിദേശ മേൽവിലാസവും അയച്ച് തന്നിട്ടുണ്ട്. കെ. പി. ജോർജ്ജ്, B.311-171-08, 64 AVC, Edinonton ABNW, Canada T5T2C8 എന്നാണ് മേൽവിലാസം അയച്ചുതന്നിട്ടുള്ളത്. ഈ മേൽവിലാസത്തിൽ ശ്രീ. കെ. പി. ജോർജ്ജിന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ നോട്ടീസ് കൈപ്പറ്റാതെ മടങ്ങുകയാണുണ്ടായത്. ടിയാൾ ജോലിയിൽ തിരികെ പ്രവേശിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീ. കെ. പി. ജോർജ്ജ് ജോലിയിൽ നിന്നും വിട്ടുതൽ ചെയ്തതിനു ശേഷം വെറ്ററിനറി സർജന്റെ ചാർജ്ജ് ഏറ്റെടുത്ത് 22-11-1998 മുതൽ 18-7-99 വരെ ജോലി നോക്കിയിരുന്ന ഡോ. ഷാജി പൗലോസിന് കോഴി വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും കൈമാറിയിട്ടില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.6.3 ശ്രീ. കെ. പി. ജോർജ്ജ്, വെറ്ററിനറി സർജൻ ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത ശേഷം വെറ്ററിനറി സർജന്റെ ചുമതലയേറ്റ ഡോ. ഷാജി പൗലോസിന് പരാമർശ വിധേയമായ ചെലവുകളുടെ ഫയലുകൾ കൈമാറിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. പി. ജോർജ്ജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് നടപടിയെടുക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണ്.

### സമിതി ആരാഞ്ഞ അധിക വിവരം

2.6.4 വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത ശേഷം വെറ്ററിനറി സർജന്റെ ചുമതലയേറ്റ ഡോ. ഷാജി പൗലോസിന് പരാമർശ വിധേയമായ ചെലവുകളുടെ ഫയലുകൾ കൈമാറിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. പി. ജോർജ്ജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് നടപടിയെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുക.

### തുടർ ശിപാർശ

2.6.5 വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ്ജ് ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത ശേഷം വെറ്ററിനറി സർജന്റെ ചുമതലയേറ്റ ഡോ. ഷാജി പൗലോസിന് പരാമർശ

വിധേയമായ ചെലവുകളുടെ ഫയലുകൾ കൈമാറിയിട്ടില്ലാത്തതിനാൽ ശ്രീ കെ. പി. ജോർജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 60**

**ശിപാർശ**

2.7.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വിജിലൻസ് വകുപ്പിൽ നിന്നും അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് പദ്ധതിയുടെ ഭൗതിക പരിശോധനയും നടത്തി ആയതിന്റെ റിപ്പോർട്ട് നൽകണമെന്ന് സമിതി പരളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ഓഡിറ്റ് വകുപ്പിനോടും നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 കുടിവെള്ള പൈപ്പ്ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ ശരിപ്പകർപ്പുകൾ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി വിജിലൻസ്, തൃശ്ശൂരിൽ നിന്നും കൈപ്പറ്റി പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് A1-3100/11 തീയതി 29-6-2011 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്**

2.7.3 സമിതിയുടെ നിർദ്ദേശാനുസരണം വിജിലൻസിൽ നിന്നും രേഖകൾ ലഭ്യമാക്കി 29-6-2011-ന് ഓഡിറ്റിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 7-7-2011-ന് രേഖകൾ പരിശോധിക്കുകയും ഭൗതിക പരിശോധന നടത്തുകയും ചെയ്തു.

**രേഖകളുടെ പരിശോധനാ റിപ്പോർട്ട്**

സമിതി (2010-11) 40-ാമത് റിപ്പോർട്ടിലെ പരളൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഖണ്ഡിക 3 പ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചതു പ്രകാരം 1-7-2011-ന് വിജിലൻസ് വകുപ്പിന്റെ കൈവശമുള്ള രേഖകളുടെ പകർപ്പും ഓഡിറ്റിനു ഹാജരാക്കിയിരുന്നു.

എം. ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. എം. ബുക്ക് 1 മുതൽ 13 വരെയുള്ള പേജുകളിൽ പള്ളിപ്പുറം മുതൽ പാലത്തറ വരെയുള്ള പൈപ്പ് ലൈൻ നീട്ടൽ 1997-98 പ്ലാൻ ഫണ്ട് വർക്ക് എന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് പേജുകളിലൊന്നും പൈപ്പ് ലൈനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.

രണ്ട് സ്റ്റോക്ക് രജിസ്റ്ററുകളുടെ പകർപ്പുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് 3-ൽ മാത്രമാണ് പൈപ്പ് വാങ്ങിയതിന്റെ രേഖപ്പെടുത്തലുകൾ ഉള്ളത്. 20-1-1998, 11-3-1998-ലെ വൗച്ചറുകൾ പ്രകാരം വാങ്ങിയ പൈപ്പുകളുടെ രേഖപ്പെടുത്തലുകളാണിത്.

സമിതി നിർദ്ദേശ പ്രകാരം ഹാജരാക്കിയ എം. ബുക്ക്, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവയുടെ പകർപ്പുകളിൽ 1999-2000 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾക്കായി വാങ്ങിയ സാമഗ്രികളുടെ രേഖപ്പെടുത്തലുകളൊന്നും ഉണ്ടായിരുന്നില്ല.

### ഭൗതിക പരിശോധനാ റിപ്പോർട്ട്

1999-2000 വർഷത്തിൽ നടപ്പിലാക്കിയ 'കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ' എന്ന പദ്ധതിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ തുടർ വർഷങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഭൗതിക പരിശോധനാവേളയിൽ പഞ്ചായത്ത് അധികൃതർ കാണിച്ചുതന്ന സ്ഥലങ്ങൾ 1999-2000 വർഷത്തെ പദ്ധതി പ്രകാരമുള്ള സ്ഥലങ്ങൾ തന്നെയാണോ എന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. എങ്കിലും നിലവിൽ പരുതൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള കടിവെള്ള പദ്ധതികളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യംകൂടി കണക്കിലെടുത്ത് സമിതിയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

### സമിതി ആരാഞ്ഞ അധിക വിവരം

2.7.4 പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിന്മേൽ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ തീർപ്പനുസരിച്ച് നടപടികൾ സ്വീകരിക്കുക.

### തുടർ ശിപാർശ

2.7.5 പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിന്മേൽ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ തീർപ്പനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 66

### ശിപാർശ

2.8.1 അനധികൃതമായി ചെലവഴിച്ച 28,200 രൂപ ഈടാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.8.2 തൃക്കടീരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി ടി. പി. ശാന്ത, തയ്യൽപ്പടി ഹൗസ്, ചേലക്കാട്, പുലാമന്തോൾ എന്നിവർ അനധികൃതമായി ചെലവഴിച്ച 28,200/- രൂപയിൽ 16-1-2006 മുതൽ 18% പലിശയും സി.സി.യും മറ്റും ഈടാക്കുന്നതിന് ടി കക്ഷിയുടെ പേരിൽ ആർ.ആർ. നടപടികൾ സ്വീകരിക്കുകയും ചെയ്തതായും തുക അടയ്ക്കുന്നതിന് ടി കക്ഷിക്ക് ബഹു. ജില്ലാ കളക്ടർ നാലു തവണകൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തതായും പെരിന്തൽമണ്ണ തഹസിൽദാർ 17-4-2013-ൽ അറിയിച്ചിട്ടുണ്ട്. കൂടാതെ, അതു പ്രകാരം ടി കക്ഷിയിൽ നിന്നും ഒന്നും രണ്ടും ഗഡുക്കളായി ഈടാക്കിയ 7050/- രൂപ വീതം 14100/- രൂപ മുതൽത്തുകയും 9140/- രൂപ വീതം 18250/- രൂപ പലിശയും ഉൾപ്പെടെ 32380/- രൂപ യഥാക്രമം 11303400003 തീയതി 26-4-2013, 11303400004 തീയതി 17-6-2013 എന്നീ നമ്പർ രശീതുകളായി ഈ ഓഫീസിൽ ഒടുക്കിയിട്ടുണ്ട് എന്നുള്ള വിവരം കൂടി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.8.3 നടപടി വിശദീകരണ പത്രികയിൽ സൂചിപ്പിച്ച പ്രകാരം പലിശ സഹിതം 2 ഗഡുക്കളായി 32380/- രൂപ (14100/- രൂപ മുതൽ, 18280/- രൂപ പലിശ) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. മൂന്നാം ഗഡു മുതൽ 7050/- രൂപയും പലിശ 9140/- രൂപയും ഉൾപ്പെടെ 16190/- രൂപ 7-9-2013-ൽ ഈടാക്കി രശീതി ഹാജരാക്കിയെങ്കിലും പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചതിന്റെ ബാങ്ക് പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല. നാലാം ഗഡു മുതൽ 7050/- രൂപയും പലിശ 9140/- രൂപയും ഈടാക്കാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുന്നു.

### സമിതി ആരാഞ്ഞ അധിക വിവരം

2.8.4 ഈടാക്കിയ തുകയായ 16190/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ച് പാസ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതിനും അവശേഷിക്കുന്ന തുക ഈടാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുക.

### തുടർശിപാർശ

2.8.5 ഈടാക്കിയ തുകയായ 16190/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ച് പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതിനും അവശേഷിക്കുന്ന തുക അടിയന്തരമായി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 82

### ശിപാർശ

2.9.1 അധികം ചെലവാക്കിയ തുകയ്ക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിന് അടിയന്തരമായി മറുപടി ലഭ്യമാക്കി ചെലവിന് സാധൂകരണം വാങ്ങുകയോ സർക്കാർ സാധൂകരണം ലഭ്യമായില്ലെങ്കിൽ പ്രസ്തുത തുക ഉത്തരവാദിയായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.9.2 അധികം ചെലവാക്കിയ തുകയ്ക്ക് സാധൂകരണം വാങ്ങുവാൻ കഴിയാത്ത സാഹചര്യത്തിൽ 30,761/-രൂപ 18% പലിശയുൾപ്പെടെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനായി 1999-2000 വർഷത്തിൽ സെക്രട്ടറിമാരായിരുന്ന 1. ശ്രീ. എം. എ. രവീന്ദ്രൻ നായർ (1-4-1999 മുതൽ 2-6-1999 വരെ) 2. ശ്രീ. പി. രവീന്ദ്രൻ നായർ, ജൂനിയർ സൂപ്രണ്ട് ചാർജ് (3-6-1999 മുതൽ 9-1-2000 വരെ) 3. ശ്രീ. കെ. സി. അനിലൻ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി (10-1-2000 മുതൽ 31-3-2001 വരെ) എന്നിവരിൽ നിന്നും തുക തുല്യമായി ഈടാക്കുന്നതിന്റെ ഭാഗമായി ശ്രീ. കെ. സി. അനിലന് 28-10-2013-ന് എ-1924/13 നമ്പറായി ആർ.ആർ. നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യത്തിൽ ടിയാന് ആർ.ആർ. ഓൺലൈനായി അയക്കുവാൻ ടിയാൻ എറണാകുളം ജില്ലയിൽ ആയതിനാൽ യൂസർ ഐ.ഡി.യും പാസ്‌വേർഡും ലഭ്യമാക്കുന്നതിന് ബഹു. എറണാകുളം ജില്ലാ കളക്ടർക്ക് 28-4-2014-ന് എ 3-302/14(5) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബാക്കി രണ്ടു പേരുടെയും മേൽവിലാസം ലഭിക്കുവാൻ ടിയാൻ സ്ഥലംമാറിപോയ പഞ്ചായത്തിലേക്ക് 28-4-2014 തീയതിയിൽ എ 3-302/14(6,7) പ്രകാരം രജിസ്റ്റേഡ് കത്ത് അയച്ചിട്ടുണ്ട്. വിലാസം ലഭ്യമാകുന്ന മുറയ്ക്ക് ആർ.ആർ. നോട്ടീസ് നൽകുന്നതാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.9.3 15-7-2014-ന് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ചു. ശ്രീ. കെ. സി. അനിലൻ, സെക്രട്ടറിക്കെതിരെയുള്ള ആർ.ആർ. നടപടി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ശ്രീ. എം. എ. രവീന്ദ്രൻ നായർ, സെക്രട്ടറിയുടെ മേൽവിലാസം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, ശ്രീ. പി. രവീന്ദ്രനാഥിന്റെ വിലാസം ലഭ്യമാക്കുവാൻ തിരുവനന്തപുരം

ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുമാണ് കത്ത് നൽകിയിട്ടുള്ളത്. നാളിതുവരെ സ്ഥാപനങ്ങളിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. മറ്റു നടപടികൾ ഒന്നും ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

## സമിതി ആരാഞ്ഞ അധിക വിവരം

2.9.4 പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. നിരുത്തരവാദപരമായ മറുപടി നൽകിയ പഞ്ചായത്ത് ഡയറക്ടർ ആയതിനുള്ള വിശദീകരണം രണ്ടാഴ്ചയ്ക്കകം നൽകേണ്ടതും പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതുമാണ്.

## തുടർശിപാർശ

2.9.5 പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. നിരുത്തരവാദപരമായ മറുപടി നൽകിയ പഞ്ചായത്ത് ഡയറക്ടർ ആയതിനുള്ള വിശദീകരണം രണ്ടാഴ്ചയ്ക്കകം നൽകുന്നതിനും പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 93

## ശിപാർശ

2.10.1 1.86 കോടി രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷൻ 1999-2000 മുതൽ 2000-01 വരെയുള്ള ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടും 1999, 2000, 2001 എന്നീ വർഷങ്ങളിലെ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടും, സമഗ്രമായ അന്വേഷണം ഓഡിറ്റ് ശിപാർശ ചെയ്തിട്ടും, അഗളി ഗ്രാമപഞ്ചായത്ത് അധികൃതരോ പഞ്ചായത്ത് ഡയറക്ടറേറ്റോ ചെലവുകളെക്കുറിച്ച് അന്വേഷണം നടത്തുകയോ ഓഡിറ്റ് തടസ്സം നീക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയോ ചെയ്തില്ല എന്ന വസ്തുത എത്രമാത്രം ലാഘവത്തോടെയാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും കാണുന്നതെന്ന് വെളിവാക്കുന്നു. ഓഡിറ്റ് ഖണ്ഡിക സമിതി പരിശോധനയ്ക്കെടുത്തപ്പോൾപ്പോലും, വൗച്ചറുകൾ ഓഡിറ്റിനായി തയ്യാറാക്കി വെച്ചിട്ടുണ്ടെന്നും ഇനിയും ലഭ്യമാകാത്തവ ഹാജരാക്കുന്നതിന് അതത് നിർവ്വഹണോദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നു മല്ലാതെ അവ ഓഡിറ്റിനു ഹാജരാക്കി തടസ്സം നീക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തിനു ബോധിപ്പിക്കുവാൻ സാധിച്ചില്ല. ഓഡിറ്റിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തുവാൻ സമിതി മുൻകൈ എടുത്തതുകൊണ്ടു മാത്രമാണ് പല പദ്ധതികളും

പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ നിന്നും, വിവിധ പദ്ധതികൾ നടപ്പാക്കുവാൻ ചുമതലപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്മാരിൽ നിന്നും ഇത്തരത്തിലുള്ള നിരുത്തരവാദപരമായ സമീപനം ഒട്ടും ആശാസ്യമല്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിലുൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.10.2 ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയുള്ള എല്ലാ വൗച്ചറുകളും ഓഡിറ്റിനു ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും വൗച്ചറുകൾ എല്ലാം പൂർണ്ണമായി സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ വൗച്ചറുകൾ, അളവ് പുസ്തകങ്ങൾ, മറ്റ് അനുബന്ധ രേഖകൾ ഇവ ഹാജരാക്കുന്നതിന് വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് അതത് പദ്ധതികൾക്കായി നൽകിയ തുകകൾ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.10.3 1999-2000, 2000-01 സാമ്പത്തിക വർഷത്തിൽ തടസ്സപ്പെടുത്തിയ തുകകൾക്കുള്ള ബാക്കി വൗച്ചറുകളും രേഖകളും തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അറിയിപ്പ് നൽകിയെങ്കിലും രേഖകൾ കണ്ടെത്തി ഹാജരാക്കിയിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ആർ.ആർ. നോട്ടീസ് നൽകുന്നതിനായി ടി ഉദ്യോഗസ്ഥന്മാരുടെ നിലവിലുള്ള മേൽവിലാസം ലഭ്യമാക്കുവാൻ അവരുടെ പേരുവിവരം അതത് ജില്ലാ മേലധികാരികൾക്ക് 24-4-2014-ന് എ 3-332 നമ്പറായി കത്ത് നൽകിയിട്ടുണ്ട്. വിലാസം ലഭ്യമാകുന്ന മുറയ്ക്ക് ആർ.ആർ. നോട്ടീസ് നൽകുന്നതാണ്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.10.4 15-7-2014-ന് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ചു ഈ വിഷയത്തിൽ പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കൃഷി ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ മറ്റ് പുരോഗതികളൊന്നും ഉണ്ടായിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.10.5 പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയുണ്ടെന്ന് വിലയിരുത്തിയ സമിതി 18,851,95/- രൂപയുടെ ചെലവ് രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചു

ഇത് സംബന്ധിച്ച് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ടി വിഷയം സംബന്ധിച്ച് സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന നിഗമനത്തിലെത്തിയ സമിതി അടയ്ക്കാനുള്ള തുക, ഉത്തരവാദികളായ ഉദ്യോഗസ്ഥർ, അവർക്കെതിരെ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണോ എന്നത് സംബന്ധിച്ച് ഭൗതിക പരിശോധന നടത്തി 2015 നവംബർ 30-ാം തീയതിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു

### സർക്കാർ സ്വീകരിച്ച നടപടി

2.10.6 ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിവരം 25-1-2016-ലെ പി. എ. 1/604/11 നമ്പർ കത്ത് പ്രകാരം പാലക്കാട് എ. ഡി. പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ആയതിൽ ശ്രീമതി അശ്വതി എസ്., ശ്രീ. ആർ. വേണുഗോപാൽ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഈ ഓഫീസിലെ എം1/11557/2011 തീയതി 12-2-2016 പ്രകാരം കൃഷി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ എ 1/25055/15 ഫിൻ. തീയതി 16-2-2016 കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.10.7. 1999-2000, 2000-2001 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിന് ഹാജരാക്കാതിരുന്ന വൗച്ചറുകളും രേഖകളും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത കാലഘട്ടത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അറിയിപ്പു നൽകിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ സമിതിയുടെ നിർദ്ദേശാനുസരണമുള്ള പ്രാദേശിക പരിശോധന നടത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല

മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ 1999-2000, 2000-2001 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ലഭ്യമാക്കാത്ത രേഖകളുമായി

ബന്ധപ്പെട്ട പരിശോധന റിപ്പോർട്ട് അല്ലാത്തതിനാൽ മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ടുകൾ പരിഗണനാർഹമല്ല എന്ന് അഭിപ്രായപ്പെടുന്നു.

രേഖകൾ ഹാജരാക്കാതിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തുടർനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു

**സമിതി ആരാഞ്ഞ അധിക വിവരം**

2.10.8 രേഖകൾ ഹാജരാക്കാതിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക. അടയ്ക്കാനുള്ള തുക എന്നിവ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

**തുടർ ശിപാർശ**

2.10.9 രേഖകൾ ഹാജരാക്കാതിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചും, അടയ്ക്കാനുള്ള തുക സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 97**

**ശിപാർശ**

2.11.1 ജലവിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് വിശദവിവരം സമിതിക്ക് നൽകണമെന്ന് സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2-11-2 1999-2000 വർഷത്തിൽ നടപ്പിലാക്കിയ ജലവിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും പദ്ധതി ലക്ഷ്യം കാണാതെ പാഴ് ചെലവായതിനാൽ 77005/- രൂപ ഉത്തരവാദികളായ സെക്രട്ടറിയിൽ നിന്നും ഭരണസമിതി അംഗങ്ങളിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗങ്ങളായിരുന്ന

1. ശ്രീ. ഇ. ജെ. ആന്റണി, മെമ്പറിൽ നിന്ന് 1144l/- രൂപ രസീതി 51294/12 തീയതി 27-9-2010 തുക വസൂലാക്കുകയും
2. ശ്രീ. എസ്. അല്ലൻ, മെമ്പറിൽ നിന്നും 1144l/- രൂപ രസീതി 51294/47 തീയതി 29-9-2010 തുക വസൂലാക്കുകയും

3. ശ്രീമതി രുഗ്മിണി രാജൻ, മുൻ പ്രസിഡന്റിൽ നിന്നും 11441/- രൂപ 51293/89 തീയതി 24-9-2010 തുക വസൂലാക്കുകയും ചെയ്ത് ആകെ തുക 34323/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

മറ്റുള്ള ഭരണസമിതി അംഗങ്ങളായ

4. ശ്രീ. രവീന്ദ്രദാസ്, വൈസ് പ്രസിഡന്റ്

(ആർ. ആർ. 2014/2716/9/തി. 28-4-2014)

5. ശ്രീ. എസ്. കെ. ബാലകൃഷ്ണൻ, മെമ്പർ

(ആർ. ആർ. 2014/2717/9/തി. 28-4-2014)

6. ശ്രീമതി സരള സുന്ദരൻ, മെമ്പർ

(ആർ. ആർ. 2014/2722/9/തി. 28-4-2014)

7. ശ്രീമതി പി. വിജയസുധ, മെമ്പർ

(ആർ. ആർ. 2014/2723/9/തി. 28-4-2014)

8. ശ്രീ. ആർ. ഗോപാലൻ, മെമ്പർ

(ആർ. ആർ. 2014/2724/9/തി. 28-4-2014)

9. ശ്രീമതി റോസ്‌ലി മാത്യു, മെമ്പർ

(ആർ. ആർ. 2014/2727/9/തി. 28-4-2014)

10. ശ്രീമതി ലീലാദാസ്, മെമ്പർ

(ആർ. ആർ. 2014/2728/9/തി. 28-4-2014)

11. ശ്രീ. എം. ഐ. ജോർജ്ജ്, മെമ്പർ

(ആർ. ആർ. 2014/2729/9/തി. 28-4-2014)

എന്നിവർക്ക് 28-4-2014-ന് 18% പലിശ ഉൾപ്പെടെയുള്ള തുകയ്ക്ക് ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

12. ശ്രീ. കെ. സി. അനിലൻ, സെക്രട്ടറിയുടെ താമസസ്ഥലം എറണാകുളം ജില്ല ആയതിനാൽ ടിയാന്റെ പേരിലേക്ക് ആർ. ആർ. നടപടി സ്വീകരിക്കുന്നതിന് യൂസർ ഐ.ഡിയും പാസ്‌വേർഡും ലഭ്യമാക്കുന്നതിന് ബഹു. എറണാകുളം ജില്ലാ കളക്ടർക്ക് 28-4-2014-ന് എ 3-302/14(5) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

13. ശ്രീ. എൻ. സുലൈമാൻ, മെമ്പർ (14) ചെല്ലൻ, മെമ്പർ എന്നിവർ മരണപ്പെട്ടുപോയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.11.3 15-7-2014-ന് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ചു

1. ശ്രീ. ഇ. ജെ. ആന്റണി, ശ്രീ. എസ്. അല്ലൻ എന്നീ മെമ്പർമാരിൽ നിന്നും, ശ്രീമതി രുഗ്മിണി രാജൻ, മുൻ പ്രസിഡന്റിൽ നിന്നും 11441/- രൂപ വീതം ഈടാക്കിയിട്ടുണ്ട്. ആകെ 34323/- രൂപ. രസീതികൾ പരിശോധിച്ച് ബോധ്യപ്പെട്ടു.

   ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും മറ്റുള്ള മെമ്പർമാരും, മുൻ സെക്രട്ടറിയും തുകയൊന്നും നാളിതുവരെ ഒടുക്കിയിട്ടില്ല.

## സമിതി ആരാഞ്ഞ അധിക വിവരം

2.11.4 മരണപ്പെട്ടുപോയ എൻ. സുലൈമാൻ, ചെല്ലൻ എന്നീ മെമ്പർമാരുടെ ബാധ്യത ഒഴിവാക്കുന്നതിനും തുക അടയ്ക്കാത്ത മെമ്പർമാരിൽ നിന്നും തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുക.

## തുടർ ശിപാർശ

2.11.5 മരണപ്പെട്ടുപോയ എൻ. സുലൈമാൻ, ചെല്ലൻ എന്നീ മെമ്പർമാരുടെ ബാധ്യത ഒഴിവാക്കുന്നതിനും തുക അടയ്ക്കാത്ത മെമ്പർമാരിൽ നിന്നും തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 102

## ശിപാർശ

2.12.1 അടിയന്തരമായി കൺവീനർമാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.12.2 കൺവീനർമാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിവരം, വർക്കിന്റെ പേര്, വർഷം, കൺവീനറിന്റെ പേര്,തുക:

പട്ടിമാളം ഐ. സി. ഡി.എസ്. കെട്ടിടം അറ്റകുറ്റപ്പണി 1999-2000 മുത്തുകോണൻ, പട്ടിമാളം കോട്ടത്തറ-5500/- രൂപ

കക്കപ്പടി ഊര് റിപ്പയർ 1999-2000 രാജു, കക്കപ്പടി കൽക്കണ്ടി-10300/- രൂപ

ദോണിഗുണ്ട് ഊര് റിപ്പയർ 1999-2000 ആണ്ടിവിധിയൻ ദോണിഗുണ്ട്-59,950/-രൂപ

കൽക്കണ്ടി ഊര് വീട് റിപ്പയർ 1999-2000 രാമദാസ് നഞ്ചൻ കൽക്കണ്ടിയൂർ കോട്ടത്തറ 7500/- രൂപ

കട്ടേക്കാട് കുളം നിർമ്മാണം 1999-2000 എം. രാജു, എം. തങ്കരാജ്, മാരി കട്ടേക്കാട് 34868 /-രൂപ

ചിറ്റൂർ ഊര് വീട് റിപ്പയർ 2000-2001 ഉദയൻ ബർമ്മൻ ചിറ്റൂർ ഊര്-15000 /-രൂപ, 19000/-രൂപ

കൽക്കണ്ടി ഊര് വീട് റിപ്പയർ 2000-2001 രാമദാസ് നഞ്ചൻ കൽക്കണ്ടിയൂർ-4700/- രൂപ

കക്കപ്പടി ഊര് റിപ്പയർ 2000-2001 രാജുകക്കപ്പടി കൽക്കണ്ടി-26347/- രൂപ

ആകെ 1,83,165/-രൂപ

മേൽപ്പറഞ്ഞ കൺവീനർമാരുടെ പേരിൽ ആർ. ആർ. നടപടികൾക്കായി 19-10-2013-ന് ആർ. ആർ. നമ്പർ 5347/9, 5151/9, 5355/9, 5356/9, 5357/9, 5358/9, 5359/9, 5360/9 എന്നീ നമ്പറുകളിൽ 18% പലിശ ഉൾപ്പെടെയുള്ള തുകയ്ക്ക് ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന കുറിപ്പ്

2.12.3. 15-7-2014-ന് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച

ആർ. ആർ. നടപടിയിലൂടെ നാളിതുവരെ തുകയൊന്നും ഗ്രാമപഞ്ചായത്തിലേക്ക് വരവ് വെച്ചിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.12.4 ആർ. ആർ. നടപടികൾ ത്വരിതപ്പെടുത്തുക.

### തുടർ ശിപാർശ

2.12.5 ഇത് സംബന്ധിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 106

### ശിപാർശ

2.13.1 6.36 ലക്ഷം രൂപയുടെ ചെലവിൽ ഇനി ക്രമീകരിക്കാനുള്ള 49, 464 രൂപയുടെ കണക്കുകൂടി അടിയന്തരമായി വൗച്ചറുകളും രേഖകളും ഹാജരാക്കി ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.13.2 വൗച്ചറുകൾ ഹാജരാക്കി ഇനി ക്രമീകരിക്കാനുള്ള 49464/- രൂപ പഞ്ചായത്തിൽ അടച്ചുതീർക്കാനും അല്ലാത്തപക്ഷം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് 3-11-2011-ന് എ 1/221/07 നമ്പർ കത്തുപ്രകാരം ശ്രീ. വി. സി. ശങ്കരനെ അറിയിച്ചു. ഈ നടപടിക്കെതിരെ ശ്രീ. വി. സി. ശങ്കരൻ WP(C) 34678/11 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണെന്ന് പഞ്ചായത്ത് ബോധിപ്പിച്ചിരിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

2.13.3 പ്രസ്തുത കേസ് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് 21-2-2012-ന് പഞ്ചായത്ത് Statement of facts സമർപ്പിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധിക വിവരം

2.13.4 പ്രസ്തുത വിഷയം സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിക്കനുസരിച്ച് തുടർ നടപടി കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുക

### തുടർ ശിപാർശ

2.13.5 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 141

### ശിപാർശ

2.14.1 ജനറൽ പി. ഡി. അക്കൗണ്ടിൽ പിരിച്ചെടുത്ത തുകയായ 8936 രൂപ അടച്ചിട്ടുണ്ടെന്നുള്ള യു. ഡി. ക്ലാർക്കായ ശ്രീ. റ്റി. എ. രവിയുടെ വാദം ശരിയല്ലെന്ന് ഓഡിറ്റ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ശ്രീ. ഐ. പി. സുകുമാരനെതിരെ ആർ. ആർ. നടപടിയിലൂടെ 5900 രൂപയും പലിശയും ശ്രീ. വേലായുധന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും 18,563 രൂപയും പലിശയും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.14.2 (എ) ശ്രീ. റ്റി എ. രവിയിൽ നിന്നും ഈടാക്കിയ തുകയായ രൂപ 9000/- 78/27179 തിയതി 30-9-2009 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളതാണ്.

(ബി) ശ്രീ. ഐ.വി. സുകുമാരനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 3540/-രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്. (രസീത് നമ്പർ 5/18953 തിയതി 17-9-2012 രൂപ 1180/-, രസീത് നമ്പർ 75/18954 തിയതി 20-11-2012 രൂപ 1180/-, രസീത് നമ്പർ 9/18955 തിയതി 15-12-2012 രൂപ 1180/-)ശ്രീ. ഐ.വി. സുകുമാരനിൽ നിന്നും രൂപ 5900/- 18% പലിശയുൾപ്പെടെ ഈടാക്കുന്നതിനാണ് അഭ്യർത്ഥിച്ചിരുന്നതെങ്കിലും ടിയാനിൽ നിന്നും 3540/-രൂപ മാത്രം ഈടാക്കിയതിനുണ്ടായ സാഹചര്യം ദയവായി അറിയിക്കണമെന്ന് കാണിച്ച് ബഹു. ജില്ലാ കളക്ടർ പാലക്കാട് അവർകളോട് 30-4-2014 തീയതിയിലെ എച്ച്-630/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(സി) ശ്രീ. സി.എ. വേലായുധൻ റിട്ടയർ ചെയ്യുതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും രൂപ 18563/-ഉം പലിശയും ഈടാക്കുന്നതിന് ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ലയോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ടിയാന്റെ മിനിമം പെൻഷൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 3-8-2012-ലെ ഡി7-2081/05 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. വീണ്ടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം ജില്ലയോട് ടിയന്റെ റിട്ടയർമെന്റ് ആനുകൂല്യത്തിൽ നിന്നും രൂപ 18563/-ഉം പലിശയും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ല എങ്കിൽ ആയതിനുണ്ടായ സാഹചര്യം ദയവായി അറിയിക്കണമെന്നും കാണിച്ച് 30-4-2014 തീയതിയിൽ എച്ച്. 630/14 നമ്പർ കത്ത് അയച്ചുകൊടുത്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു. നാളിതുവരെ ശ്രീ. സി.എ. വേലായുധന് ഡി.സി.ആർ.ജി. നൽകിയിട്ടില്ല എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞ വിവരം കൂടി ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.14.3 1-8-2014-ന് പുതൂർ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകളുടെ പരിശോധന നടത്തി.

(എ) ശ്രീ. റ്റി.എ.രവി, യു.ഡി.സി. പഞ്ചായത്ത് ഫണ്ടിലേക്ക് രസീതി നമ്പർ 78/27179 പ്രകാരം ഒടുക്കിയ 9,000/- രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

(ബി) ശ്രീ. ഐ.വി. സുകുമാരൻ, സെക്രട്ടറിയിൽ നിന്നും 3,540/-രൂപ ഈടാക്കിയിട്ടുണ്ട് എന്നായിരുന്നു പഞ്ചായത്തിന്റെ മറുപടി. പരിശോധനയിൽ 5900/- രൂപ ഈടാക്കിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീതി നമ്പർ/തീയതി | തുക |
|---|---|
| 5/18953 തീയതി 17-9-2012 | 1180 |
| 75/18954 തീയതി 20-11-2012 | 1180 |
| 9/18955 തീയതി 15-12-2012 | 1180 |
| 16/18954 തീയതി 10-10-2012 | 1180 |
| 79/18952 തീയതി 3-9-2012 | 1180 |
| ആകെ | 5900 |

(സി) ശ്രീ. സി.എ. വേലായുധനിൽ നിന്നും നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.14.4. ശ്രീ. സി.എ. വേലായുധനിൽ നിന്നും തുക ഈടാക്കുക.

### തുടർ ശിപാർശ

2.14.5. ശ്രീ. സി.എ. വേലായുധനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 145

### ശിപാർശ

2.15.1 പ്രവൃത്തി പൂർത്തീകരിക്കാത്ത 16 കൺവീനർമാർക്കെതിരെ സ്വീകരിച്ചു വരുന്ന ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതോടൊപ്പം സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശങ്ങളും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.15.2 1998-99, 1999-2000, 2000-01, 2001-02 എന്നീ സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളതും പണി പൂർത്തീകരിക്കാത്തതുമായിട്ടുള്ള 16 പദ്ധതികളുടെ കൺവീനർമാർക്കെതിരെ 30-10-2008 തീയതിയിൽ ബഹു. ജില്ലാ കളക്ടർ, പാലക്കാട് മുഖേന ആർ.ആർ. നടപടിക്ക് ശിപാർശ ചെയ്തിരുന്നതിന്റെ ഭാഗമായി മേലെമുള്ളി "റ്റി.വി.പ്പും നിർമ്മാണം" (1999-2000) വർക്കിന്റെ കൺവീനറായ ശ്രീ. മുരുകേശൻ S/o ഗോപാലൻ, മേലെമുള്ളി, ചാവടിയൂർ പി.ഒ. എന്നയാളിൽ നിന്നും രൂപ 10,750/- ഈടാക്കി 18/18953 തീയതി 24-9-2012 നമ്പർ രസീതുപ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചിട്ടുള്ളതാണ്. ശ്രീ മുരുകേശൻ S/o ഗോപാലൻ, മേലെമുള്ളി, ചാവടിയൂർ പി.ഒ. എന്ന കൺവീനർ ഒഴികെ മറ്റാരിൽ നിന്നും തുകകളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതാണ്. ആയതിന്റെ വെളിച്ചത്തിൽ 30-4-2014 തീയതിയിൽ ടി പേരുകാരിൽ നിന്നും തുക ഈടാക്കാതിരിക്കുന്നതിന് ഉണ്ടായ സാഹചര്യം [illegible] അറിയിക്കണമെന്ന് കാണിച്ച് ബഹു. ജില്ലാ കളക്ടർ, പാലക്കാട് അവർകളോട് 630/14 തീയതി 30-4-2013 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.15.3 ശ്രീ. മുരുകേശൻ S/o ഗോപാലൻ മേലെമുള്ളി, ചാവടിയൂർ പി.ഒ. എന്ന കൺവീനർ രസീതി നമ്പർ 18/18953 തീയതി 24-9-2012 പ്രകാരം 10,750 രൂപ ഒടുക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

ആർ.ആർ. നടപടി പ്രകാരം നാളിതുവരെ തുകയൊന്നും ഗ്രാമപഞ്ചായത്തിൽ വരവു വെച്ചിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.15.4 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരായുക. പണി പൂർത്തീകരിക്കാത്ത കൺവീനർമാരിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

### തുടർ ശിപാർശ

2.15.5 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരായുവാനും പണി പൂർത്തികരിക്കാത്ത കൺവീനർമാരിൽ നിന്നും തുക ഈടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 154

### ശിപാർശ

2.16.1 പട്ടികവർഗ്ഗക്കാരുടെ വീട് അറ്റകുറ്റപ്പണിയിൽ അനാവശ്യമായി വാങ്ങിയ സാധനങ്ങളുടെ വിലയായ 4,41,696/- രൂപ മുൻ സെക്രട്ടറി ശ്രീ. കൃഷ്ണകുമാറിൽ നിന്നും ഗവൺമെന്റ് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന മുൻ സെക്രട്ടറി ശ്രീ. മധുസൂദനൻ നായരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് മേൽ നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.16.2 മുൻ സെക്രട്ടറി ശ്രീ. ഡി. മധുസൂദനൻനായർ മരണപ്പെട്ട് പോയിട്ടുള്ളതു കൊണ്ടും ടിയാളുടെ മേൽവിലാസം പഞ്ചായത്തിൽ ലഭ്യമല്ലാത്തതുകൊണ്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിന് സമയം അനുവദിക്കണമെന്ന് ബഹു. നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു. ശ്രീ. കൃഷ്ണകുമാറിൽ നിന്നും ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ നാളിതുവരെ പുലൂർ ഗ്രാമപഞ്ചായത്തിൽ ശ്രീ. കൃഷ്ണകുമാർ എന്നൊരാൾ സെക്രട്ടറി ആയി ജോലി നോക്കിയിട്ടുള്ളതായി രേഖകളിൽനിന്നും അറിയുവാൻ കഴിഞ്ഞില്ല എന്നും ശ്രീ. സുരേഷ്കുമാർ (സെക്രട്ടറി 21-6-1999 മുതൽ 21-8-2000 വരെ) ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോവുകയും നിലവിൽ സർവ്വീസിൽ ഉണ്ടോ എന്ന് അറിയാൻ കഴിയാത്തതിനാലും ടി ആളുടെ സ്ഥിരം മേൽവിലാസം പഞ്ചായത്തിൽ ലഭ്യമല്ലാത്തതു കൊണ്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ശ്രീ. സുരേഷ്കുമാർ തിരുവനന്തപുരം ജില്ലയിൽ അവസാനം ജോലി ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളതിനാൽ തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ടിയാളുടെ മേൽ വിലാസം ലഭ്യമാക്കുന്നതിന് 30-4-2014-ന് എച്ച് 630/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.16.3 ശ്രീ. ഡി. മധുസൂദനൻ സെക്രട്ടറി മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് മറ്റു തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സെക്രട്ടറിയുടെ പേര് സുരേഷ്കുമാർ എന്നാണെന്ന് ഗ്രാമപഞ്ചായത്ത് സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. സുരേഷ്കുമാർ ഇപ്പോൾ ജോലി ചെയ്യുന്നത് കൊല്ലം ജില്ലയിൽ ആയതിനാൽ, കൊല്ലം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 30-4-2014-ന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടില്ല.

14-7-2014 തീയതിയിൽ മറ്റൊരു കത്തു കൂടി അയച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

**സമിതി ആരാഞ്ഞ അധിക വിവരം**

2.16.4 നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ആരാണെന്ന് കണ്ടെത്തി ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. പ്രസ്തുത വിവരം ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യുക.

**തുടർശിപാർശ**

2.16.5 നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ആരാണെന്ന് കണ്ടെത്തി ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും, പ്രസ്തുത വിവരം ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം III

## സമിതി നടപടി തുടരേണ്ടതില്ല എന്ന് നിർദ്ദേശിച്ച ശിപാർശകളും, സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

**ഖണ്ഡിക നമ്പർ 13**

**ശിപാർശ**

3.1.1 പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിലോ കോൺട്രാക്ടർമാർ നൽകിയ ടെണ്ടറിലോ സി.പി. ഉൾപ്പെടുത്താതിരിക്കെ ടെണ്ടർ വിളിച്ച് നൽകിയ പ്രവൃത്തികൾക്ക് 10 ശതമാനം സി.പി. നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതിക്ക് വ്യക്തമാകുന്നില്ല. ടെണ്ടറുകൾ അംഗീകരിച്ചപ്പോൾ പഞ്ചായത്തു കമ്മിറ്റി സി.പി. നൽകുമെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ സി.പി. നൽകിയത് അനധികൃതമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ അനധികൃതമായി സി.പി. നൽകുകവഴി പഞ്ചായത്തിനുണ്ടായ നഷ്ടമായ 45,413/- രൂപ അന്നത്തെ പഞ്ചായത്തു സെക്രട്ടറി ശ്രീ. ടി. ശ്രീധരനിൽ നിന്നും ഈടാക്കുന്ന നടപടി ത്വരിതപ്പെടുത്തി അന്തിമ മറുപടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.1.2 10-6-2002 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുവാൻ വേണ്ടി ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. ടി ശ്രീധരന് (റിട്ടയേർഡ്) നേരിട്ട് നൽകുകയും ചെയ്തു. തുടർന്ന് ടിയാനും ബന്ധപ്പെട്ട കോൺട്രാക്ടർമാർക്കും രജിസ്റ്റേർഡ് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുക തന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് 31-10-2007-ന് ശ്രീ. ടി. ശ്രീധരൻ കത്ത് നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി. തുക ടി. ശ്രീധരന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 16-1-2008-ന് ഈടാക്കുന്നതിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. ശ്രീധരന്റെ ഡി.സി. ആർ.ജി.യിൽ നിന്നും 47790/- രൂപ ഈടാക്കി ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്. അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി പാലക്കാട് സബ്ട്രഷറി ഓഫീസർ ഒറ്റപ്പാലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ് അക്കൗണ്ടിൽ 18-6-2009 ലെ 187-ാം നമ്പർ ചലാനായി വരവ് വെച്ചിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.1.3 റിട്ടയേർഡ് സെക്രട്ടറി ശ്രീ. ടി. ശ്രീധരന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ 47,790/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചതായി തെളിയിക്കുന്ന രേഖകൾ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12-3-2012-ന് ഓഡിറ്റിനു ഹാജരാക്കിയിട്ടുണ്ട്. തുക തനതുഫണ്ടിൽ വരവ് വെച്ചതായി ഓഡിറ്റിനു ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യാവുന്നതാണ്.

3.1.4 പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 15

### ശിപാർശ

3.2 ഓഡിറ്റ് ഖണ്ഡിക പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ 24,160 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 24**

3.3 കമ്മാള/കുശവ വിഭാഗം ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിലും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമായതിനാൽ അവരിൽനിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ലെന്ന പഞ്ചായത്തു തീരുമാനം അംഗീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**ഖണ്ഡിക നമ്പർ 26**

**ശിപാർശ**

3.4 ഗവൺമെന്റ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 34**

**ശിപാർശ**

3.5 ബിറ്റുമിൻ വാങ്ങിയതിലെ ക്രമക്കേടിനുത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. രാജൻ പഞ്ചായത്തിനുണ്ടായ നഷ്ടമായ 24,946/- രൂപ 15-11-2008 ലെ രസീത് നമ്പർ 85/4516 പ്രകാരം പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 27-3-2009-ലെ എൽ.എഫ്. 1886/സ്പെ.സെൽജി2/09 കത്തുപ്രകാരം അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 45**

3.6 രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിനാൽ നടീൽ വസ്തുക്കളുടെ വില ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 54**

**ശിപാർശ**

3.7.1 മുൻകൂർ നൽകിയ 49,450 രൂപയിൽ നിന്നും 9,950 രൂപയും മൊത്തം തുകയുടെ പലിശയും ഇനി ഈടാക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മേൽപ്പറഞ്ഞ തുക പൂർണ്ണമായും ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.7.2 മുൻകൂർ നൽകിയ 49,450/- തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. പ്രവൃത്തി ഏറ്റെടുത്ത കൺവീനർമാരോട് മുൻകൂർ കൈപ്പറ്റിയ സംഖ്യയുടെ പലിശ കൂടി തിരിച്ചടച്ച് മേൽ നടപടികൾ ഒഴിവാക്കാൻ നിരവധി തവണ ആവശ്യപ്പെട്ട് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ. ഹംസ, തേവർകളത്തിൽ വീട്, പാലക്കാഴി, കർകിടാംകുന്ന് പി. ഒ., എന്നയാൾ നോട്ടീസ് കൈപ്പറ്റിയിട്ടുണ്ട്. ശ്രീ. അബ്ദുൽ നാസർ, പുത്തംകോട്ട് വീട്, എടത്തനാട്ടുകര പി. ഒ., എന്നയാൾ വിദേശത്താണെന്ന് കാണിച്ച് നോട്ടീസ് തിരികെ മടങ്ങി. ശ്രീ. അബൂബക്കർ, പാറോക്കോട് വീട്, എടത്തനാട്ടുകര പി.ഒ., എന്നയാൾ മരണപ്പെട്ടുവെന്ന് കാണിച്ച് നോട്ടീസ് തിരികെ മടങ്ങുകയുണ്ടായി. 2-1-2013 ലാണ് അവസാനമായി ടി കക്ഷികൾക്ക് നോട്ടീസ് നൽകിയത്. തുടർന്ന് 15-1-2013-ൽ ശ്രീ. ഹംസയിൽ നിന്നും 21,182/- രൂപയും ശ്രീ. അബൂബക്കറിൽ നിന്നും 41,345/- രൂപയും ശ്രീ. അബ്ദുൽ നാസറിൽ നിന്നും 20,555/- രൂപയും പലിശയിനത്തിൽ ഈ ഓഫീസിൽ ഒടുക്കേണ്ട തുക റവന്യൂ റിക്കവറിവഴി ഈടാക്കി തരുന്നതിന് ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.7.3 മുൻകൂർ നൽകിയ 49,450/- രൂപ പൂർണ്ണമായും തിരികെ ഈടാക്കിയ രേഖകളുടെ അസ്സൽ ഓഡിറ്റിൽ ഹാജരാക്കിയത് പരിശോധിച്ച് 49,450/- രൂപയുടെ തിരിച്ചടവ് അംഗീകരിക്കുന്നു. പലിശ തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്ക് അപേക്ഷ സമർപ്പിച്ചത് അംഗീകരിക്കാവുന്നതും തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതുമാണ്.

3.7.4 25-9-2013-ലെ സമിതി യോഗം തുടർ നടപടി അവസാനിപ്പിക്കാൻ തീരുമാനിച്ചു.

### ഖണ്ഡിക നമ്പർ 62

### ശിപാർശ

3.8 അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 71

### ശിപാർശ

3.9.1 കുളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മൺപണിക്ക് അധികം നൽകിയതായ 2,585/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.9.2 കളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മണൽപ്പണിക്ക് അധികം നൽകിയതായ 2,585/- രൂപ കരാറുകാരനായ പി. മുഹമ്മദ് എന്നവരിൽ നിന്നും 10-10-2011-ലെ 74/42981/നമ്പർ രശീതി പ്രകാരം ഈടാക്കി ഈ ഓഫീസിൽ അടവാക്കിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.9.3 2,585/- രൂപ അടവാക്കിയതിന്റെ അസ്സൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. സമിതി നിർദ്ദേശം പാലിച്ചിട്ടുള്ളതിനാൽ പരാമർശം തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

3.9.4 പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 78

### ശിപാർശ

3.10.1 സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയ നടപടി സാധൂകരിക്കുന്നതിനായി 18-9-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ച സാഹചര്യത്തിൽ മേൽ പ്രവൃത്തി സാധൂകരണം നൽകാവുന്നതാണെങ്കിൽ ആയത് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. സാധൂകരണം നൽകുവാൻ സാധിക്കുകയില്ലെങ്കിൽ പ്രവർത്തന മൂലധനമായി നൽകിയ തുക എപ്രകാരം ഈടാക്കാമെന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് മേൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.10.2 കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 23(1), 23(2) പ്രകാരമുള്ള നിരാകരണത്തിന്മേൽ സർക്കാർ തീരുമാനത്തിനായി സമിതി ശിപാർശ ചെയ്യുകയും, ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നുള്ള 14-7-2009 തീയതിയിലെ 21371/എബി3/08/തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും വിരുദ്ധമായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിച്ച നടപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്നറിയിച്ചു മുൻ സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഇക്ബാൽ-ന്റെ അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി അപ്പീൽ,അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും കൂടുതൽ വിശദമായ വിവരങ്ങൾ

ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ 9-2-2010 തീയതിയിലെ എ1-5810/2010 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് കത്ത് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1999-2000-ലെ ഖണ്ഡിക 23(1) പ്രകാരം പട്ടികജാതി ജനറൽ എഞ്ചിനീയറിംഗ് ആഗ്രോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനം നൽകിയതുമായി ബന്ധപ്പെട്ട് തടസ്സപ്പെടുത്തിയ 63,500/- രൂപയും, ഖണ്ഡിക 23(2) പ്രകാരം കാക്കയൂർ റെഡിമെയ്ഡ് ഗാർമെന്റ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനം നൽകിയതുമായി ബന്ധപ്പെട്ട് തടസ്സപ്പെടുത്തിയ 1,02,900/- രൂപയും 3-8-2011-ലെ ജി.ഒ (ആർ.റ്റി) 1831/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.10.3 ബഹു: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 40-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 78-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശ വിധേയമായ ഖണ്ഡികകളിലെ തടസ്സപ്പെടുത്തിയ തുക 1,66,400/- രൂപയ്ക്ക് ബഹു : കേരള സർക്കാർ ജി.ഒ(ആർ.റ്റി) നമ്പർ 1831/2011/തസ്വഭവ തീയതി 3-8-2011 പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്. ബഹു. സമിതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി പരാമർശം തീർപ്പാക്കാവുന്നതാണെന്ന് അറിയിക്കുന്നു.

3.10.4 പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## ഖണ്ഡിക നമ്പർ 108

### ശിപാർശ

3.11 ഗവൺമെന്റ് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## ഖണ്ഡിക നമ്പർ 115

### ശിപാർശ

3.12 അംഗീകാരം ലഭിക്കുന്ന പ്രോജക്ടിന് ചട്ട വിധേയമായിട്ടാണ് പണം നൽകേണ്ടതെന്ന് സമിതി ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 118

### ശിപാർശ

3.13 പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## ഖണ്ഡിക നമ്പർ 121

### ശിപാർശ

3.14.1 അടിയന്തരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.14.2 അധിക തുക കൈപ്പറ്റിയ 14 ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 28-12-2012 വരെ പഞ്ചായത്തിൽ നേരിട്ടും റവന്യൂ റിക്കവറി മുഖേനയുമായി 31,065/- രൂപ ഈടാക്കിയിട്ടുണ്ട്. തുക ഈടാക്കിയവരുടെ വിവരം താഴെ നൽകുന്നു:

| ഖണ്ഡിക 2(1)ലെ ക്രമ നമ്പർ | | പേര് | ഖണ്ഡിക പ്രകാരം പിരിച്ചെടുക്കേണ്ട തുക | പിരിച്ചെടുത്ത തുക | രസീത് നം. | തീയതി | ആകെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|---|---|
| 14 | 1 | വെള്ളിങ്കിരി, S/o കെമ്പയ്യ കൗണ്ടർ, വണ്ണാന്തറ | 1350 | 1550 | 96/57034 | 17-7-2007 | 2700 |
| | | | | 1150 | 75/57034 | 31-10-2007 | |
| 2 | 2 | രങ്കസ്വാമി കൗണ്ടർ, S/o രാമസ്വാമി, ഉറിയൻചാള | 1952 | 1000 | 97/57034 | 17-9-2007 | 4485 |
| | | | | 3485 | 10/15532 | 2-3-2009 | |
| 6 | 3 | അബ്ദുൽ വഹാബ്, മുഹമ്മദ് റാവുത്തർ കോട്ടത്തറ | 1884 | 1000 | 98/57034 | 17-9-2007 | 2475 |
| | | | | 500 | 88/65709 | 4-5-2010 | |
| | | | | 475 | 33/65710 | 22-5-2010 | |
| | | | | 500 | 72/65719 | 24-9-2010 | |
| 4 | 4 | കുന്താചലം, S/o എറണ്ണ കൗണ്ടർ, കൽമുക്കയൂർ | 415 | 830 | 2/57035 | 18-9-2007 | 830 |
| 7 | 5 | ഗൗരമ്മാൾ, W/o ഗോപാലൻ മട്ടത്തുകാട് | 1997 | 3994 | 5/57035 | 19-9-2007 | 3994 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 6 | സുബ്ബയ്യ കൗണ്ടർ, S/o തിമ്മയ്യ കൗണ്ടർ, വണ്ണാന്തറ | 1639 | 1800 | 12/57035 | 24-9-2007 | 3278 |
| | | | | 1478 | 23/57035 | 25-9-2007 | |
| 3 | 7 | വീരഭദ്രൻ, S/o നഞ്ചപ്പ കൗണ്ടർ, വട്ടലക്കി | 1794 | 4750 | 45/15534 | 5-5-2009 | 6524 |
| | | | | 1774 (RR-31-7-2009) | 13/15539 | 19-10-2009 | |
| 10 | 8 | തങ്കവേലു, S/o രാമസ്വാമി കൗണ്ടർ, മരപ്പാലം | 1214 | 3272 | 45/15534 | 5-5-2009 | 3272 |
| 8 | 9 | ആറുചാമി, S/o രാമസ്വാമി, കടമ്പാറ | 1294 | 1000 | 92/15534 | 27-5-2009 | 3507 |
| | | | | 2507 | 44/41486 (RR-15-12-2011) | 7-1-2012 | |
| ആകെ | | | 13539 | | | | 31065 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ തുക മുഴുവൻ അടച്ച സാഹചര്യത്തിൽ ടിയാളുടെ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു.

ബാക്കിയുള്ളവരുടെ പേര് വിവരം താഴെ ചേർക്കുന്നു :

| | പേര് | തുക |
|---|---|---|
| 1 | എൻ. കണ്ണൻ | 1933.00 |
| 2 | രാമകൃഷ്ണപിള്ള | 1868.00 |
| 3 | സുബ്രഹ്മണ്യൻ | 2757.00 |
| 4 | രങ്കസ്വാമി മുതലിയാർ | 1874.00 |
| 5 | സുബ്ബയ്യചെട്ടിയാർ | 2500.00 |

ബാക്കി ആകെ 10,932/- രൂപ ഈടാക്കുന്നതിലേക്ക് ഇവരുടെ പേരിൽ 19-6-2013-ലെ കത്ത് നമ്പർ 1599/2007 പ്രകാരം ആർ.ആർ നോട്ടീസ് നൽകിയിട്ടുള്ളതും ജൂലൈ

15-നകം ജപ്തി നടപടികൾ പൂർത്തീകരിക്കുന്നതും തുടർന്നും തുക ഈടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 14-നകം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ കുറിപ്പ്**

3.14.3 8-10-2013-ന് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രസീതുകൾ പരിശോധിച്ചു. ക്രമനമ്പർ 14 രസീത് നമ്പർ 75/57034 പ്രകാരം ഈടാക്കിയ 1150/- രൂപ എന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ രസീത് നമ്പർ 75/57035 ആണെന്ന് കണ്ടെത്തി. രസീതുകൾ പ്രകാരം ഒടുക്കിയ തുകകളുടെ ഒടുക്ക് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

3.14.4 ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 125**

**ശിപാർശ**

3.15.1 കൺവീനർമാരിൽ നിന്നും തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.15.2 കൺവീനർ ശ്രീ. പരമൻ S/o അയ്യൻകുട്ടി-യിൽ നിന്നും 1-10-2010-ൽ 43/657202 നമ്പർ രസീത് പ്രകാരം അടച്ച തുകയും പിഴയും ഉൾപ്പെടെ 28,686/- രൂപ ഈടാക്കിയിട്ടുണ്ട്. മുഴുവൻ തുകയും അടച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്**

3.15.3 ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് 8-10-2013-ൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചു. പഞ്ചായത്തിന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള രസീത് നമ്പർ 43/657202 എന്നത് 43/65720 എന്നാണെന്ന് കണ്ടെത്തി. രസീത് പ്രകാരം ഈടാക്കിയ തുക 28686/-രൂപയാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ 22,686/- രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

3.15.4 ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 134**

**ശിപാർശ**

3.16.1 ഭവാനിപ്പുഴ-ഇലച്ചിവഴി ജലസേചന പദ്ധതിയ്ക്കായി പഞ്ചായത്തിൽ നിന്നും കൺവീനർക്ക് നൽകിയ സമാഹരണ മുൻകൂർ, സാധനസാമഗ്രികളുടെ വിലയായ

73,759/- രൂപ, എന്നിവ ഉൾപ്പെടെ 95,009 രൂപ കൺവീനർ ശ്രീ. ശശിധരനിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് 1-8-2007-ന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും സമയപരിധി കഴിഞ്ഞും തുക തിരികെ അടച്ചില്ലെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയെ അറിയിക്കുന്നതിന് മുൻപായി പ്രസ്തുത പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നുവെങ്കിൽ സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള മറുപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതെ ശ്രദ്ധിക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതി മുൻകൈ എടുത്ത് ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഭൗതിക പരിശോധന നടത്തിയതിൽ നിന്നുമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഇത് വളരെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണെന്നും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളോ പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളോ കൃത്യമായി രേഖപ്പെടുത്തി വയ്ക്കുകയോ, സൂക്ഷിക്കുകയോ ചെയ്യാത്തതിനാലാണ് ഇപ്രകാരം ഒരു സംഭവം ഉണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. നിയമസഭാ സമിതിയുടെ നടപടികൾ ആരംഭിച്ചപ്പോഴെങ്കിലും പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിരുന്നുവെങ്കിൽ പദ്ധതി പൂർത്തികരിച്ചില്ലെന്നും തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്നുമുള്ള തരത്തിലുള്ള റിപ്പോർട്ട് സമിതിക്ക് നൽകുവാൻ ഇടയാകുമായിരുന്നില്ല. തെറ്റായ റിപ്പോർട്ട് സമിതിക്ക് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായണമെന്നും മേലിൽ നിയമസഭാ സമിതിക്ക് മറുപടി നൽകുമ്പോൾ വസ്തുതകൾ പഠിച്ചതിനും പരിശോധിച്ചതിനും ശേഷം മാത്രമേ മറുപടി നൽകാവൂ എന്ന് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളും ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണ വിവരങ്ങളും വ്യക്തമായും കൃത്യമായും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് വകുപ്പ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ജനങ്ങൾക്ക് ആയത് പ്രയോജനപ്രദമാണെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.16.2 തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 31-5-2011 തീയതിയിലെ 24921/എ.ബി/11/തസ്വഭവ നമ്പർ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ജനങ്ങൾക്ക് ആയത് പ്രയോജനപ്രദമാണെന്നും വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിച്ച് വരുന്നുണ്ടെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ മേലിൽ ആവർത്തിക്കില്ലെന്നും ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.16.3 സമിതിയുടെ നിർദ്ദേശാനുസരണം ഖണ്ഡിക ഒഴിവാക്കിയ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

കത്ത് നമ്പർ എൽ.എഫ്.പി4/1119/2014 തീയതി 4-8-2014.

### ഖണ്ഡിക നമ്പർ 150

### ശിപാർശ

3.17.1 98,622/- രൂപയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് കണക്കുകൾ പരിശോധിച്ച് വിശദ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.17.2 1998-99 വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതും രൂപ 98,622/- ചെലവഴിച്ചിട്ടുള്ളതുമായ ടി പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു വർഷം മുമ്പ് നിലവിലുണ്ടായിരുന്ന ഓഫീസ് കെട്ടിടം പൊളിച്ചുനീക്കിയിട്ടുള്ളതിനാൽ ഓഫീസിലെ പഴയ ഫയലുകളും രജിസ്റ്ററുകളും ഒരു ചെറിയ മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. നിലവിൽ കുടുംബശ്രീ ഓഫീസിൽ പഞ്ചായത്ത് ഓഫീസ് താൽക്കാലികമായി പ്രവർത്തിച്ച് വരുന്നതുമാണ്. താമസിയാതെ പുതിയ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുന്നതാണ്. അതിനുശേഷം ഫയലുകൾ മാറ്റുമ്പോൾ വിശദമായി തിരച്ചിൽ നടത്തി ചെലവ് സംബന്ധിക്കുന്ന രേഖകൾ കണ്ടെത്തി ആയത് ഓഡിറ്റിന് ഹാജരാക്കി കണക്കുകൾ പരിശോധിച്ച് റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കാമെന്ന് ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.17.3 നാളിതുവരെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

3.17.4 ചെലവ് സംബന്ധിച്ച രേഖകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് മുമ്പാകെ ഹാജരാക്കി സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം ബന്ധപ്പെട്ട

ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിനും 23-12-2014-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചു.

**തെളിവെടുപ്പ് യോഗത്തിൽ ലഭിച്ച മറുപടി**

3.17.5 ടി വിഷയം സംബന്ധിച്ച് 22-9-2015-ന് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകാത്തതിന്റെ കാരണവും നിലവിലെ സ്ഥിതിയും ആരാഞ്ഞതിന് വൗച്ചറുകൾ നാളിതുവരെ കണ്ടെത്താൻ സാധിച്ചില്ലെന്നും 1999 മാർച്ചിൽ നടന്ന സംഭവമാണെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥനോട് തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടുവെങ്കിലും 2002-ൽ ടിയാൻ മരണപ്പെട്ടുപോയെന്നും ടിയാന്റെ ഭാര്യയ്ക്ക് ഇത് സംബന്ധിച്ച് നോട്ടീസ് കൊടുത്തിരുന്നുവെന്നും, 2012-ൽ ടിയാളും മരണപ്പെട്ടെന്നും പുള്ളർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**സമിതിയുടെ നിർദ്ദേശം**

3.17.6 പ്രസ്തുത സാഹചര്യത്തിൽ ശിപാർശയിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ഖണ്ഡിക നമ്പർ 157**

**ശിപാർശ**

3.18 അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുതന്നെയാണ് ആനുകൂല്യം നൽകിയതെന്ന വസ്തുത പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 160**

**ശിപാർശ**

3.19 മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018, ഫെബ്രുവരി 1.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.5 | തദ്ദേശസ്വയംഭരണ വകുപ്പ് | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിയനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.5 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.5 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീർപ്പാക്കുന്ന മുറയ്ക്ക് അതിനനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.5 | തദ്ദേശസ്വയംഭരണ വകുപ്പ് | പള്ളിപ്പുറം-കരിയന്നൂർ റോഡ് ടാറിംഗ് സംബന്ധിച്ച അളവുപുസ്തകം, അവസാന ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.5 | തദ്ദേശസ്വയംഭരണ വകുപ്പ് | വിജിലൻസ് കേസ് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 2.6.5 | തദ്ദേശസ്വയംഭരണ വകുപ്പ് | വെറ്ററിനറി സർജൻ ശ്രീ. കെ. പി. ജോർജ് ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത ശേഷം വെറ്ററിനറി സർജന്റെ ചുമതലയേറ്റ ഡോ. ഷാജി പൗലോസിന് പരാമർശ വിധേയമായ ചെലവുകളുടെ ഫയലുകൾ കൈമാറിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. പി. ജോർജിന്റെ ബാദ്ധ്യത തുക തിട്ടപ്പെടുത്തി റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.7.5 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിന്മേൽ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ തീർപ്പനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 2.8.5 | തദ്ദേശസ്വയംഭരണ വകുപ്പ് | ഈടാക്കിയ തുകയായ 16,190/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ച് പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതിനും അവശേഷിക്കുന്ന തുക അടിയന്തരമായി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.9.5 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഖണ്ഡികയിലെ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. നിരുത്തരവാദപരമായ മറുപടി നൽകിയ പഞ്ചായത്ത് ഡയറക്ടർ ആയതിനുള്ള വിശദീകരണം രണ്ടാഴ്ചയ്ക്കകം നൽകുന്നതിനും പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 2.10.9 | തദ്ദേശസ്വയംഭരണ വകുപ്പ് | രേഖകൾ ഹാജരാക്കാതിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചും, അടയ്ക്കാനുള്ള തുക സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 2.11.5 | തദ്ദേശസ്വയംഭരണ വകുപ്പ് | മരണപ്പെട്ടുപോയ എൻ. സുലൈമാൻ, ചെല്ലൻ എന്നീ മെമ്പർമാരുടെ ബാധ്യത ഒഴിവാക്കുന്നതിനും തുക അടയ്ക്കാത്ത മെമ്പർമാരിൽ നിന്നും തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 2.12.5 | തദ്ദേശസ്വയംഭരണ വകുപ്പ് | ഇത് സംബന്ധിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 2.13.5 | തദ്ദേശസ്വയംഭരണ വകുപ്പ് | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും ട്രൈബ്യൂണലിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 2.14.5 | തദ്ദേശസ്വയംഭരണ വകുപ്പ് | ശ്രീ. സി.എ. വേലായുധനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 2.15.5 | തദ്ദേശസ്വയംഭരണ വകുപ്പ് | ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരായുവാനും പണി പൂർത്തീകരിക്കാത്ത കൺവീനർമാരിൽ നിന്നും തുക ഈടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 2.16.5 | തദ്ദേശസ്വയംഭരണ വകുപ്പ് | നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ആരാണെന്ന് കണ്ടെത്തി ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും, പ്രസ്തുത വിവരം ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

No.1106/2013/PKD

Vigilance & Anti-Corruption Bureau
Palakkad. Dated.15.07.2013

From

Deputy Superintendent of Police,
Vigilance & Anti-Corruption Bureau
Palakkad.

To

The Secretary
Nelliyampathy Grama Panchayath.

Sir,

Sub:- Vigilance case against officials of Nelliyampathy Grama Panchayath- Present stage – Reg

Ref:- Letter No:A1-410/2013 dt.19.6.2013 of Secretary,Nelliyampathy Grama Panchayath.

Attention is invited to the subject and reference cited above.

As requested, I am furnishing the details of vigilance cases registered at Vigilance & Anti-Corruption Bureau, Palakkad against officials of Nelliyampathy Grama Panchayath for favour of further necessary action.

| VC No .and Sec. of law | Allegation | Accused persons | Present stage |
|---|---|---|---|
| VC.3/2005 u/s 13(1)(d)r/w 13(2) of PC Act 1988 and sec.120(B)IPC | Allegation of corruption in the purchase of land for the construction of houses for Adivasis under peoples planning programme. | 1. K.J.Francis, former President<br>2. K.G.Ramakrishnan, Former Secretary<br>3. Joseph Abraham | Charge sheet submitted before the court on 29.3.2008 (CC No.138/08) |
| VC.1/2007 u/s13(1)(d)r/w 13(2) of PC Act 1988 and sec.120(B)IPC | Allegation of corruption in the implementation of Tourist cottage, Pulayampara and Pothupara water supply scheme under peoples planning programme. | 1.K.G.Ramakrishnan former secretary<br>2.P.Paramasivan, former Secretary<br>3.K.G.Rajesh, contractor | Charge sheet submitted before the court on 28.12.2011 (CC No.1/2012 &2/2012) |

| | | | |
|---|---|---|---|
| ?C.5/2010<br>u/s13(1)( c) &(d)r/w<br>13(2) of PC Act<br>1988<br>andsec.420,465,468,<br>471&120(B)IPC. | Allegation of corruption in the implementation of Karappara water supply scheme under peoples planning programme. | 1.K.G.Ramakrishnan former secretary<br><br>2.K.G.Rajesh, contractor | Charge sheet submitted before the court on 28.12.2012.<br>(CC No.32/2012) |
| VC.6/2010<br>u/s13(1)( c) &(d)r/w<br>13(2) of PC Act<br>1988<br>andsec.420,465,468,<br>471&120(B)IPC. | Allegation of corruption in the implementation of Nooradi water supply scheme under peoples planning programme. . | 1.K.G.Ramakrishnan former secretary<br>2 K.G.Rajesh, contractor | Charge sheet submitted before the court on 17.7.2012.<br>(CC No.33/2012) |

## അനുബന്ധം III

[illegible]

[illegible] [illegible]

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പാലക്കാട്

ബഹു. പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-1[illegible]) യുടെ 40-ാമത് റിപ്പോർട്ട് (ഖണ്ഡിക 93) - സമിതി ആരാഞ്ഞ അധിക വിവരം - സംബന്ധിച്ച്

സൂചന - അങ്ങയുടെ 09.12.2015 ലെ എം1-11557/11- ാം നമ്പർ കത്ത്

മേൽ സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സമിതി ശുപാർശ പ്രകാരം പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് ഓഡിറ്റ് പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തി ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ ഈ ഓഫീസിൽ നിന്ന് പ്രാദേശിക പരിശോധന നടത്തിയിട്ടില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി ആയതിനാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥരാണ് പ്രാദേശിക പരിശോധന നടത്തേണ്ടത് എന്ന് കരുതുന്നു. മാത്രമല്ല ആയതിന് എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥരെക്കൂടി പരിശോധനയിൽ സഹകരിപ്പിക്കേണ്ടിരിക്കുന്നു

സൂചനകത്തിൽ ആവശ്യപ്പെട്ടപ്രകാരം പരാമർശ വിധേയരായ ഉദ്യോഗസ്ഥരുടെ പേരും ഇപ്പോൾ താമസിക്കുന്ന മേൽവിലാസവും ചുവടെ ചേർത്ത പ്രകാരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

| ക്രമനമ്പർ | പേര് | ഇപ്പോഴത്തെ മേൽവിലാസം |
|---|---|---|
| 1 | കെ.സി. അനിലൻ<br>(റിട്ടയേർഡ് സെക്രട്ടറി) | [illegible]<br>കുട്ടൂക്കുഴി [illegible] പോസ്റ്റ്,<br>[illegible] |
| 2 | അശ്വതി. എസ്<br>(സർവീസിൽ തുടരുന്നു) | [illegible] |

[illegible]

[illegible]

| | | |
|---|---|---|
| 4 | മേഴ്സി.കെ.കെ<br>(റിട്ടയേർഡ് ഐ.സി.ഡി.എസ് സൂപ്പർവൈസർ) | [illegible] പോസ്റ്റ്, [illegible] പാലക്കാട് ജില്ല. |
| 5 | ഡോ. ഭാസ്കര പിള്ള<br>(റിട്ടയേർഡ് ,, വെറ്ററിനറി സർജൻ) | [illegible] പറമ്പ് പോസ്റ്റ്, [illegible] കോട്ടയം ജില്ല. |
| 6 | ഡോ. വി.ജെ സാമുവൽ<br>(റിട്ടയേർഡ് വെറ്ററിനറി സർജൻ) | [illegible] റോഡ്, [illegible] പോസ്റ്റ്, പാലക്കാട് ജില്ല. |
| 7 | ബിരാൻ<br>(റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി) | [illegible] ഹൗസിൽ, [illegible] പോസ്റ്റ്, [illegible] പാലക്കാട് ജില്ല. |

മേൽ പറഞ്ഞ ഉദ്യോഗസ്ഥരിൽ ചിലർ സർവ്വീസിൽ നിന്ന് വിരമിക്കപ്പെട്ടതിനാൽ മേൽ വിലാസം കണ്ടെത്താൻ കാലതാമസം സംഭവിച്ചതുമൂലമാണ് മറുപടി സമർപ്പിക്കുവാൻ താമസിച്ചതെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

[illegible] ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014 – 16) 22–09–15 ന് നടത്തിയ തെളിവെടുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ - [illegible] മൃഗാശുപത്രിയിലെ സീനിയർ വെറ്ററിനറി സർജന്റെ ലോക്കൽ വെരിഫിക്കേഷൻ റിപ്പോർട്ട്

<u>1999 – 2000 സാമ്പത്തിക വർഷം</u>

| [illegible]ന്റെ പേര് | ജോലി ചെയ്ത കാലയളവ് | മേൽ വിലാസം | റിപ്പോർട്ട് |
|---|---|---|---|
| [illegible]ക്കരവിള്ള [illegible] | 01/04/1999 - 02/11/1999 | വൈശാഖം, ചടയമംഗലം, കൊല്ലം | 1999-2000 കാലഘളവിലെ ആഡിറ്റ് റിപ്പോർ ട്ടിന്റെ പേജ് (7) ൽ 475/- രൂപയുടെ പരാമർശം ഉണ്ടെങ്കിലും ആയതിന്റെ ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്തിന് തന്നെയാണ് എന്ന് ആഡിറ്റ് വിഭാഗം വിലയിരുത്തിയിക്കുന്നു. |
| [illegible]വൽ [illegible] | 03/11/1999 - 31/03/2000 | ഏണിക്കാട്ടിൽ, പള്ളിക്കുറുപ്പ്, മണ്ണാർക്കാട്, പാലക്കാട് | |

<u>2000–2001 സാമ്പത്തിക വർഷം</u>

| [illegible]ന്റെ പേര് | ജോലി ചെയ്ത കാലയളവ് | മേൽ വിലാസം | റിപ്പോർട്ട് |
|---|---|---|---|
| [illegible]റാമുവൽ [illegible] | 01/04/2000 - 30/10/2000 | ഏണിക്കാട്ടിൽ, പള്ളിക്കുറുപ്പ്, മണ്ണാർക്കാട്, പാലക്കാട് | 2000–2001 കാലയളവിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പേജ് 16 ൽ വെറ്ററിനറി സർജന്റെ പേര് രേഖപ്പെടുത്തിയിരുന്നുവെങ്കിലും 4 .328/- രൂപയുടെ ഫണ്ട് തിരിച്ചടച്ചതായി കാണുന്നു. |
| [illegible] ജോർജ് | 31/10/2000 - 21/12/2000 | കൊമ്പൻ ഹൗസ്, പെരിമ്പിമാരി, മണ്ണാർക്കാട്, പാലക്കാട് | |
| [illegible] | 21/12/2000 - 31/03/2001 | പ്രൊജക്ട് ഓഫീസർ, പന്നി വളർത്തൽ കേന്ദ്രം ക പ്പാട്, കോട്ടയം | |

" ഭരണഭാഷ - മാതൃഭാഷ "

MI-11557/11

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി. 12.02.2016

പഞ്ചായത്ത് ഡയറക്ടർ

കൃഷി ഡയറക്ടർ
വികാസ് ഭവൻ
തിരുവനന്തപുരം

സർ,

വിഷയം:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11 )യുടെ 40-ാമത് റിപ്പോർട്ട് ഖണ്ഡിക 93 (അഗളി ഗ്രാമപഞ്ചായത്ത് ) നിയമസഭാ സമിതി ശുപാർശ നടപ്പാക്കുന്നത്- സംബന്ധിച്ച്.

സൂചന:- (1) പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 25.01.2016 -ലെ പിഎ1-604/11 നമ്പർ കത്ത്.
(2) സർക്കാരിന്റെ 16.11.2015-ലെ എബി3/579/2015/എൽ.എസ്.ജി.ഡി. നമ്പർ കത്ത്.

*****

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ( 2010-11) യുടെ 40-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 93 അഗളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥർ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വീഴ്ച വരുത്തിയവർക്കെതിരെയും, ഓഡിറ്റ് ഖണ്ഡികകളിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിലെ പരാമർശ പ്രകാരം പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അന്വേഷണം നടത്തിയതിൽ ശ്രീമതി അശ്വതി. എസ്, കൃഷി ഓഫീസർ, ഇളംപള്ളൂർ, പെരുമ്പുഴ, പി.ഒ, കൊല്ലം, ശ്രീ. ആർ. വേണുഗോപാൽ, കൃഷി ഓഫീസർ, കൃഷിഭവൻ, മണിമല, കോട്ടയം എന്നിവർ വീഴ്ച വരുത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമസഭാ സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടി സ്വീകരിച്ച് വിവരം ഈ ഓഫീസിൽ അറിയിക്കുന്നതിന് താത്പര്യപ്പെടുന്നു.

ഭരണഭാഷ മാതൃഭാഷ

നമ്പർ എ1-25055/15/ഫിൻ

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം-33
ഫോൺ നമ്പർ-04712302283
ഫാക്സ് നമ്പർ-0471-2301190
ഇ-മെയിൽ: directorah.ker@nic.in,
തീയതി: 16 2.2016

മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ

അഡീഷണൽ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറേറ്റ്,
പബ്ലിക് ഓഫീസ്, വെള്ളയമ്പലം
തിരുവനന്തപുരം

1/2/16

സർ,

വിഷയം: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-22/09/15 നു നടന്ന തെളിവെടുപ്പുയോഗം- ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകുന്നതു സംബന്ധിച്ച്

സൂചന: 1. സർക്കാരിന്റെ 16/09/15 ലെ 7098/എഎച്ച്ഇ1/15/കൃഷി നമ്പർ കത്ത്.
2. ജില്ലാ മൃഗസംരക്ഷണഓഫീസർ, പാലക്കാടിന്റെ 3/02/16 ലെ എ2-3777/14/ഓഡിറ്റ് നമ്പർ കത്ത്.

മേൽ സൂചനകളിലേയ്ക്ക് സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) യുടെ 22/09/15 നു നടത്തിയ തെളിവെടുപ്പു യോഗത്തിൽ, യോഗ കാര്യപരിപാടിയിലെ 4-ാം ഇനത്തിൽ സൂചിപ്പിച്ചിരുന്ന 93-ാം ഖണ്ഡികയിലെ ശുപാർശയിൽ ബാദ്ധ്യത ചുമത്തപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും, ഇപ്പോഴത്തെ മേൽവിലാസവും ഈ വകുപ്പിൽ നിന്നും ലഭിച്ചിരുന്നില്ലെന്ന് താങ്കൾ അറിയിച്ചിരുന്നു. ആയതിൻ പ്രകാരം പാലക്കാട് ജില്ലാ മൃഗസംരക്ഷണഓഫീസറോട് ലോക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. അപ്രകാരം നടത്തി നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014 – 16) 22–09–15 ന് നടത്തിയ തെളിവെടുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ – അഗളി മൃഗാശുപത്രിയിലെ സീനിയർ വെറ്ററിനറി സർജന്റെ ലോക്കൽ വെരിഫിക്കേഷൻ റിപ്പോർട്ട്

**1999 – 2000 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ജോലി ചെയ്ത കാലയളവ് | മേൽ വിലാസം | റിപ്പോർട്ട് |
|---|---|---|---|---|
| 1 | ഡോ.വി.ഭാസ്ക്കരപിള്ള (റിട്ടയേർഡ്) | 01/04/1999 – 02/11/1999 | വൈശാഖം, ചടയമംഗലം, കൊല്ലം | 1999-2000 കാലയളവിലെ ആഡിറ്റ് റിപ്പോർട്ടിന്റെ പേജ് (7) ൽ 475/- രൂപയുടെ പരാമർശം ഉണ്ടെങ്കിലും ആയതിന്റെ ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്തിന് തന്നെയാണ് എന്ന് ആഡിറ്റ് വിഭാഗം വിലയിരുത്തിയിക്കുന്നു. |
| 2 | ഡോ.വി.ജെ.സാമുവൽ (റിട്ടയേർഡ്) | 03/11/1999 – 31/03/2000 | ഏണിക്കാട്ടിൽ, പള്ളിക്കുറുപ്പ്, മണ്ണാർക്കാട്, പാലക്കാട് | |

**2000–2001 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ജോലി ചെയ്ത കാലയളവ് | മേൽ വിലാസം | റിപ്പോർട്ട് |
|---|---|---|---|---|
| | ഡോ.വി.ജെ.സാമുവൽ (റിട്ടയേർഡ്) | 01/04/2000 – 30/10/2000 | ഏണിക്കാട്ടിൽ, പള്ളിക്കുറുപ്പ്, മണ്ണാർക്കാട്, പാലക്കാട് | 2000-2001 കാലയളവിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പേജ് 16 ൽ വെറ്ററിനറി സർജന്റെ പേര് രേഖപ്പെടുത്തിയിരുന്നുവെങ്കിലും 41,628/- രൂപയുടെ ഫണ്ട് തിരിച്ചടച്ചതായി കാണുന്നു. |
| | ഡോ.കെ.പി. ജോർജ് (റിട്ടയേർഡ്) | 31/10/2000 – 21/12/2000 | കൊമ്പൻ ഹൗസ്, പെരിമ്പിമാരി, മണ്ണാർക്കാട്, പാലക്കാട് | |
| | ഡോ. തോമസ് എബ്രഹാം | 21/12/2000 – 31/03/2001 | പ്രൊജക്ട് ഓഫീസർ, പന്നി വളർത്തൽ കേന്ദ്രം കപ്പാട്, കോട്ടയം | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.